(4) ഉടമ്പടി പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ ആവശ്യമായ അളവിൽ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ താലൂക്ക് സപ്ലൈ മാർക്കറ്റ് തലത്തിലും ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

(5) ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

(6) പൊതുവിപണിയിലേതിനേക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറി പൗഡറുകൾ, കായം, വാളൻപുളി, ഏലം, അച്ചാർപൊടി, പുട്ടുപൊടി, മഞ്ഞൾപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

(7) ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നുണ്ട്.

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന് മാർക്കറ്റിടപെടൽ പദ്ധതിയുടെ നടത്തിപ്പിനായി ഓരോ വർഷവും സർക്കാരിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* സഹകരണ വകുപ്പിന്റെ കൺസ്യൂമർഫെഡിനെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയും, കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 3 ആയും ചേർക്കുന്നു.*

ഉപഭോക്തൃ സംരക്ഷണ നിയമം

272 (1357) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ ഉപഭോക്താക്കൾ എന്ന നിർവ്വചനത്തിന്റെ വ്യാപ്തി വ്യക്തമാക്കുമോ: (ഏതൊക്കെ തരത്തിലുള്ള ഉപഭോക്താക്കളാണ് പ്രസ്തുത നിർവ്വചനത്തിൽ ഉൾപ്പെടുന്നത്):

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബി.എസ്.എൻ.എൽ-നും സമാനവുമായ കമ്പനികൾക്കെതിരെ ഉപഭോക്താക്കൾക്കുള്ള പരാതികൾ സംസ്ഥാനത്തെ ഉപഭോക്തൃ ഫോറങ്ങളിലൂടെ പരിഹരിക്കുന്നതിന് നടപടികൾ നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉപഭോക്തൃ സംരക്ഷണ നിയമത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ അവബോധം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമ പ്രകാരം "നിശ്ചിത വ്യവസ്ഥയിൽ വില നൽകുകയോ ഭാഗികമായ അടവിന്റെയോ ഉറപ്പിന്റെയോ അടിസ്ഥാനത്തിൽ സാധനങ്ങൾ വാങ്ങുകയോ സാധനങ്ങൾ വാഗ്ദാനം ചെയ്യപ്പെടുകയോ സേവനങ്ങൾ നേടുകയോ സേവനം വാഗ്ദാനം ചെയ്യപ്പെടുകയോ ചെയ്യുന്ന വ്യക്തികളെ ഉപഭോക്താക്കൾ എന്ന് പറയപ്പെടുന്നു." എന്നാൽ ഒരു ജീവിത മാർഗ്ഗമെന്ന നിലയ്ക്ക് സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളൊഴിച്ച് വാണിജ്യ ആവശ്യങ്ങൾക്കായി സാധനം വാങ്ങുന്നയാൾ ഉപഭോക്താവിന്റെ പരിധിയിൽ വരുന്നതല്ല.

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 1-9-2009-ലെ ഉത്തരവ് പ്രകാരം ബി. എസ്.എൻ. എൽ. - ഉം സമാനമായ കമ്പനികളും ടെലഗ്രാഫ് ആക്ട് 1885 (എസ് - 7 - ബി)-ന്റെ പരിധിയിൽപ്പെടുന്നതിനാൽ ഇവക്കെതിരായ പരാതികൾ ഉപഭോക്തൃ കോടതികളിൽ നിലനില്ക്കുന്നതല്ല. എന്നിരുന്നാലും പ്രതിഫലേച്ഛയുള്ള വ്യവഹാരങ്ങൾ ഉപഭോക്തൃ നിയമത്തിന്റെ പരിധിയിൽ പെടുന്നതിനാൽ ഫോറങ്ങളിലും കമ്മീഷനുകളിലും ബി.എസ്.എൻ.എൽ.-നും സമാന കമ്പനികൾക്കുമെതിരായ പരാതികൾ സ്വീകരിക്കപ്പെട്ടുവരുന്നുണ്ട്.

(സി) ഉപഭോക്തൃ കാര്യങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി ടെൽഫ്രീ ഫൈൻ ടോൾ ഫ്രീ നമ്പരായ '1800 425 1550' അടങ്ങിയ സ്റ്റിക്കറുകളും ഫലകങ്ങളും സംസ്ഥാന കമ്മീഷനിലും ജില്ലാ ഉപഭോക്തൃ ഫോറങ്ങളിലും പ്രദർശിപ്പിച്ചു വരുന്നുണ്ട്. ഉപഭോക്തൃ സംരക്ഷണ നിയമം അവലോകനം ചെയ്യുന്ന പുസ്തകങ്ങൾ ബോധവത്ക്കരണ സെമിനാറുകളിലും സമ്മേളനങ്ങളിലും വിതരണം ചെയ്യാറുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഉപഭോക്തൃ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ കൺസ്യൂമർ ക്ലബ്ബുകൾ പ്രവർത്തിക്കുകയും ഉപഭോക്തൃ സംരക്ഷണ നിയമത്തെ കുറിച്ച് സ്കൂൾതലം മുതൽ അവബോധം നടത്തിവരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly